# പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംഭോധന ചെയ്ത് രാഷ്ട്രപതി പ്രണബ് മുഖർജി നടത്തിയപ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽപങ്കെടുത്ത് ബിജെപി നേതാവ് അരുൺ ജെയ്റ്റ്ലി നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ

യു പി എ നേതൃത്വത്തിലുള്ള ഗവൺമന്റ് അധികാരത്തിൽവന്നിട്ട് ഇപ്പോൾ ഒൻപത് വർഷം പൂർത്തിയാകുന്നു. തങ്ങളുടെ ഭരണ നേട്ടത്തിന്റെ പാദമുദ്ര പതിപ്പിക്കാൻ ഏത് ഗവൺമെന്റിനും ഒൻപത് വർഷം മതിയായ കാലയളവാണ്. എന്നാൽയു പി എയുടെ ഭരണ കാലയളവ് നിരാശാജനകമായ കാലഘട്ടമാണ് രാജ്യത്തിന് സമ്മാനിച്ചത്. അഭിമാനാർഹമായ പാരമ്പര്യമുള്ള രാഷ്ട്രത്തിന്റെ ഭരണ നേതൃത്വത്തിലേക്കാണ് യു പി എ വന്നത്. ഒൻപത് വർഷം മുമ്പ് എൻ ഡി എ അധികാരമൊഴിയുമ്പോൾ 8.4 ജി ഡി പി വളർച്ചാ നിരക്കും മികച്ച സാമ്പത്തിക അടിത്തറയും നേടിയ ഭാരതം ആഗോള രാഷ്ട്രങ്ങൾക്ക് മുന്നിൽ നിക്ഷേപ സൗഹൃദ രാഷ്ട്രമായാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ യു പി എ ഭരണം അതിന്റെ അവസാന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഒരു പതിറ്റാണ്ട് മുമ്പ് ആഗോള ഭൂപടത്തി ഭാരതത്തിന് ഉണ്ടായിരുസ്ഥാനം നഷ്ടപ്പെട്ടിരിക്കുകയാണ്. ബ്രിക്സ് രാഷ്ട്രങ്ങളുടെ സംയുക്ത സമിതിയി ഇന്ത്യയെ പ്രതിനിധീകരിക്കുന്ന 'ഐ' നഷ്ടപ്പെടുമെന്നന്ന് ഭീഷണിയാണ് രാഷ്ടം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. യു പി എയുടെ നയവൈകല്യവും ഭരണ തലർച്ചയും മൂലം രാഷ്ട്രം ഒരു മാറ്റത്തിനായി ആഗ്രഹിക്കുന്നഅന്തരീക്ഷമാണ് ഇപ്പോൾ നിലവിലുള്ളത്.
ഊർജ്ജസ്വലമായ ഒരു രാഷ്ട്രത്തെ എങ്ങനെയാണ് യു പി എ ശുഭപ്രതീക്ഷയില്ലാത്തരാഷ്ട്രമാക്കി മാറ്റിയത് ?
യു പി എയുടെ ഭരണ മാതൃക
ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തെ നയിക്കാൻ യു പി എയുടെ ഭരണ മാതൃക യോജിച്ചതല്ലെന്ന് മുമ്പ് നിരവധി തവണ ഞാൻ വ്യക്തമാക്കിയിട്ടുണ്ട് ഭരണ നേതൃത്വത്തിന്റെ സ്വാഭാവിക നേതാവ് പ്രധാനമന്ത്രിയായിരിക്കണം. എന്നാൽഅഡ്മിനിസ്ട്രേറ്റർമാർ നേതൃത്വം നൽകുന്ന ബോർഡ് തീരുമാനങ്ങൾ എടുക്കുന്നകോർപ്പറേറ്റ് ഭരണ രീതിയാണ് യു പി എ പിന്തുടരുന്നത്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ഈ ഭരണ രീതി അനുയോജ്യമാണ്. എന്നാൽ ഒരു രാഷ്ട്രത്തെ നയിക്കാൻ ഈ ഭരണ രീതി യോജിച്ചതല്ല. പ്രധാനമന്ത്രിക്ക് രാഷ്ട്രീയ അധികാരമില്ലാത്തതിന്റെ ഫലമായി രാഷ്ട്രം നേരിടേണ്ടി വന്ന **പ്രതിസന്ധികൾ ഇവയാണ്.**

1. നേതൃത്വ പ്രതിസന്ധി
2. വികലമായ നയങ്ങൾ
3. അഴിമതിക്കാരായ മന്ത്രിമാരെ നിയന്ത്രിക്കാനാവാത്തതും അഴിമതിയും

ഗവണ്മെന്റിന്മികച്ച നേതൃത്വമില്ലാത്തത് ഭരണ വൈകല്യങ്ങളുടെ സ്വയം തെളിവാകുന്നു. കഴിഞ്ഞ ഒൻപത് വർഷമായി ഗവൺമന്റ് നയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുത്തിരുന്നത് ഭരണഘടന സ്ഥാപനമല്ലാത്ത ദേശീയ ഉപദേശക സമിതിയിലാണ്. അത് നിരവധി തെറ്റായ തീരുമാനങ്ങൾക്ക് കാരണമായി. ബാങ്ക് ലോൺ ഇളവ് നകുതിലും എംഎൻആർഇജിഎ പദ്ധതി നടപ്പാക്കുന്നതിലും ഈ നയവൈകല്യം തിരിച്ചടിയായി. നിലവിലെ സാമ്പത്തിക മാന്ദ്യത്തിന് കാരണവും ഇത് തന്നെ. ബാങ്ക് ലോൺഇളവ് നൽകുന്ന പദ്ധതിയുടെ ആനുകൂല്യം കൂടുതലും ലഭിച്ചത് അനർഹർക്കാണ്. കൂടാതെ എംഎൻആർഇജിഎ പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചകൾ നേട്ടമുണ്ടാക്കാതെ രാജ്യത്തിന്റെ വിഭവം നഷ്ടപ്പെടുത്തുകയാണുണ്ടായത്.
**സമ്പദ്ഘടനയുടെ നില**
ഇന്ത്യയ്ക്ക് വളർച്ച വേണമെന്ന കാര്യത്തിൽ തർക്കമില്ല. കുറഞ്ഞ വളർച്ചാ നിരക്കോ സ്വാതന്ത്ര്യത്തിന് ശേഷം നാല് പതിറ്റാണ്ടിനകം ദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയായെ ജനപ്രിയ മുദ്രാവാക്യങ്ങളോ ഇന്ത്യയ്ക്ക് അംഗീകരിക്കാനാകി. ഉയർന്ന വളർച്ചാ നിരക്ക്, ഉയർന്ന സാമ്പത്തിക പ്രവർത്തനം, തൊഴി അവസരങ്ങൾസൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധന, സംസ്ഥാനങ്ങൾക്കുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതികളുടെ വരുമാനം വർദ്ധിപ്പിക്ക എന്നിവയാണ് ഇന്ത്യയ്ക്ക് നിലവിൽ ആവശ്യം.
8.4 ശതമാനം വളർച്ചാ നിരക്കുമായി ഭരണം ആരംഭിച്ച യു പി എ ഗവണ്മെന്റ് അതിനെ 9 ശതമാനമായി മാറ്റാതെ സമ്പദ് വ്യവസ്ഥയെ എങ്ങനെയാണ് 5 ശതമാനത്തിൽ കൊണ്ടെത്തിച്ചത്. നിലവിലെ 5 ശതമാനം വളർച്ചാ നിരക്ക്തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയോ ദാരിദ്ര്യമെന്ന ശാപത്തെ തുടച്ചുനീക്കുകയോ ചെയ്യില്ല. കാർഷിക മേഖലയിൽ ഇപ്പോൾ ജോലിചെയ്യുന്ന വലിയ ഒരു സംഖ്യയെ നിർമ്മാണ മേഖലയിലേക്ക് മാറ്റേണ്ടതുണ്ട്. ഇന്ത്യയെ ഒരു ചിലവുകുറഞ്ഞ നിർമ്മാണ കേന്ദ്രമാക്കി മാറ്റേണ്ടതുണ്ട്.നമ്മുടെ വളർച്ചാ നിരക്ക് 12 മുതൽ 14 വരെ ശതമാനമാക്കണം. എന്നാൽ മാത്രമേ ജി ഡി പിയുടെ 25 ശതമാനം നിർമ്മാണമേഖല നേടുന്നത് നമുക്ക് ലക്ഷ്യം വെക്കാനാവൂ.അതിനായി നമുക്ക് അടിയന്തരമായി ഒരു അടിസ്ഥാന വികസന പദ്ധതി പ്രഖ്യാപിക്കേണ്ടതുണ്ട്.

എന്തുകൊണ്ടാണ് ദേശീയപാത വികസന പദ്ധതികൾ മെല്ലെയായത്? എന്തുകൊണ്ടാണ് നമ്മുടെ കരാറുകാരെ ദേശീയപാത പ്രവർത്തികളിൽ നിന്ന് മാറ്റിനിർത്തുന്നത്? എൻ എച്ച് എ ഐ ഒരു ഇടപാടുകൾക്ക് പറ്റാത്ത ഒരു ഏജൻസിയായി മാറിയത്? ദേശീയപാത വികസന പരിപാടികളിൽ പങ്കാളികളായിരുന്നവർ എന്തുകൊണ്ടാണ് പുതിയ പദ്ധതികൾ ആരംഭിക്കാൻ തയ്യാറാവാത്തത്?

1) പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജൻ കഴിഞ്ഞ വർഷം ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഈ വർഷം അനുവദിക്കപ്പെട്ട 20,000 കോടി രൂപയിൽ ആകെ 8000 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടത്.
2) കൽക്കരി ക്ഷാമമുണ്ടാക്കിയ കൽക്കരി മൈനുകൾ പതിച്ചുനൽകുന്നതിലെ അഴിമതിമൂലം ഊർജമേഖലയിൽ വൻപ്രതിസന്ധിയുണ്ടായി. എൻഡിഎ ഗവണ്മെന്റ് ഇലക്ട്രിസിറ്റി ആക്റ്റ് 2003 ലൂടെ സൃഷ്ടിച്ച ഊർജരംഗത്തെ വിജയഗാഥ ഇന്ന് ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്.

3) മുമ്പ് ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തിക ശക്തിയായി ഇന്ത്യയെ ചൂണ്ടിക്കാണിക്കുമ്പോൾ അതിൽ പ്രധാന പങ്കുവഹിച്ചിരുന്ന ടെലികോം രംഗം ഇന്ന് നിക്ഷേപകരില്ലാത്ത അവസ്ഥയിലാണ്. ഇന്ത്യൻ ടെലികോം മേഖല ഇപ്പോൾ നിക്ഷേപത്തിന് അനുയോജ്യമല്ലാതായിരിക്കുന്നു

4) നിർമാണകാർഷിക മേഖലകൾക്ക് ഉത്തേജനം നൽകുന്ന ഒരു കാര്യം പോലും ബഡ്ജറ്റിലില്ല.

5) കലഹിക്കുന്ന മന്ത്രിമാർ മൂലം 7 കോടി രൂപയുടെ പ്രൊജക്റ്റുകൾ തടസപ്പെട്ടിരിക്കുകയാണ്.

5) ദുരിതാശ്വാസ രംഗത്ത് സ്വകാര്യമേഖലയുടെ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കപ്പെടുന്നില്ല.

6) വടക്ക്കിഴക്കൻ മേഖലയുടെ വികസനത്തിനുള്ള പദ്ധതികളൊന്നും ഇന്ന് നിലവിലില്ല. ഈ മേഖല അവഗണനയെത്തുടർന്ന് കടുത്ത പ്രതിക്ഷേധത്തിലാണ്.നുഴഞ്ഞുകയറ്റക്കാർക്കും അതിക്രമിച്ചുകടക്കുന്നവർക്കുമിടയിൽ ജനസംഖ്യയുടെ കണക്കെടുക്കുന്നതിൽ യുപിഎ സംതൃപ്തി കണ്ടെത്തിയിരിക്കുകയാണ്. വികസനത്തിലല്ല, ജനസംഖ്യ കണക്കെടുപ്പിലാണ് അവർക്ക് താൽപ്പര്യം.

7) തോട്ടിപ്പണി നിർമാർജനത്തിനും സമ്പൂർണ ശുചീകരണത്തിനും ഏറ്റവുമുയർന്ന പരിഗണന നൽകണം.

8) കഴിഞ്ഞ കുറച്ച് വർഷങ്ങളായി രാജ്യത്തെ പ്രകൃതിവിഭവങ്ങൾ പാഴാക്കിയതിലൂടെ സാമ്പത്തിക അച്ചടക്കം നഷ്ടപ്പെടുത്തി യുപിഎ ഇന്ന് രാജ്യത്തെ കടക്കെണിയിൽ കൊണ്ടെത്തിച്ചിരിക്കുന്നു.

9) ഭക്ഷ്യ സുരക്ഷാ ബിൽ ഇന്നുമൊരു മിഥ്യയായി തുടരുന്നു. ഇത് ഒഴിവാക്കലുകൾക്ക് വിധേയമായ സാർവദേശീയമാക്കപ്പെട്ട ചത്തീസ്ഗഢ് ഭക്ഷ്യ സുരക്ഷാ മാതൃകയിലാണ്. കഴിഞ്ഞ വർഷം 75000 കോടി രൂപ ഭക്ഷ്യ സബ്സിഡിയായി അനുവദിക്കപ്പെട്ടെങ്കിലും 85000 കോടി രൂപ യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടു. അടുത്ത വർഷത്തേക്ക് 5000 കോടി രൂപയുടെ നേരിയ വർധന മാത്രമാണുള്ളത് (10000 കോടി രൂപയല്ല) ഉദാ: 85,000 കോടി രൂപ + 10,000 കോടി രൂപ)
ഭക്ഷ്യസുരക്ഷയെക്കുറിച്ച് ഡൽഹിയിൽ ഒരു ചർച്ച മാത്രമാണ് ഇക്കാര്യത്തിൽ നടന്നത്. അതേസമയം ഇതിനു വിരുദ്ധമായി എൻഡിഎ ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ബിഹാർ കുറഞ്ഞത് 12 ശതമാനം ജിഡിപി നിരക്ക് നിലനിർത്തുമ്പോൾ മധ്യപ്രദേശ്, ഗുജറാത്ത്, ചത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങൾ രണ്ടക്ക സംഖ്യക്കടുത്ത് വളർച്ചാനിരക്ക് നേടി. മധ്യപ്രദേശിലെയും ഗുജറാത്തിലെയും കാർഷികോത്പാദ്നത്തിൽ വൻ മുന്നേറ്റമാണുണ്ടായത്.

**അഴിമതി**

ഒരുകാര്യത്തിലും നിയന്ത്രണമില്ലാത്ത നിലവിലെ നേതൃത്വത്തോടെ യുപിഎയുടെ പ്രകടനത്തിൽ അഴിമതി മുഖമുദ്രയായി മാറി. യുപിഎക്ക് വ്യത്യസ്ത തരത്തിലുള്ള മന്ത്രിമാരുള്ള ഒരു ഗവണ്മെന്റാണുള്ളത്. ചിലർ ധാർഷ്ട്യമുള്ളവരാണെങ്കിൽ വേറെ ചിലർ അങ്ങേയറ്റത്തെ അഴിമതിക്കാരും മറ്റ് ചിലർ കലഹിക്കുന്നവരും വേറെ ചിലർ മോശം പ്രകടനം കാഴ്ചവെക്കുന്നവരുമാണ്. ചിലർ കൃത്യമായ കാലയളവിൽ അബദ്ധം വരുത്തിവെക്കുന്നവരാണ്.ബൊക്കകൾക്ക് പകരം ഇന്നുള്ളത് പൂച്ചട്ടികളാണ്. വിദേശ നിക്ഷേപകർ ഇന്ത്യയിൽ നിക്ഷേപിക്കുന്നതിൽ നിന്ന് അകന്ന്യുണിൽക്കുന്നതിനൊപ്പം രാജ്യത്തെ തന്നെ നിക്ഷേപകർ ലോകത്തെവിടെയെങ്കിലും മികച്ച നിക്ഷേപസാധ്യതയുണ്ടോയെന്ന അന്വേഷണത്തിലാണ് ഇന്നുള്ളത്. മൂലധനത്തിന്റെ തിരിച്ചുപോക്ക് ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ മോശമായി ബാധിക്കുന്നു. ഇന്ത്യയെ കായിക-ടൂറിസ രംഗത്തെ ഒരുസുപ്രധാന കേന്ദ്രമാക്കി മാറ്റുമെന്ന് കരുതിയിരുന്ന കോമൺവെൽത്ത് ഗെയിംസ് ഇന്ന് അഴിമതിയുടെ പേരിലാണ് ലോകം ഓർമിക്കുന്നത്. യുപിഎ നേതാക്കൻമാർ ജയിലിലടക്കപ്പെടുകയും രാജ്യത്തെ കായികാന്തരീക്ഷം മലിനമാകുകയും ചെയ്തു. 2ജി സ്പെക്ട്രം അനുവദിക്കലുമായി ബന്ധപ്പെട്ടുണ്ടായ അഴിമതിയിൽപ്പെട്ട് ഒരു കേന്ദ്രമന്ത്രിയും മറ്റുചിലരും ജയിലിലായി. വലിയ അളവിൽ രാജ്യത്തെ പ്രകൃതിവിഭവങ്ങൾ പാഴാക്കപ്പെട്ടു. ടെലികോം രംഗത്തെ വിജയഗാഥ വലിയ അളവിൽ ഇല്ലാതായി. കൽക്കരി ഖാനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട അഴിമതിയിൽ രാജ്യത്തെ പ്രകൃതിവിഭവങ്ങൾ ഇഷ്ടമുള്ള വിലക്ക് തോന്നിയതുപോലെ വിതരണം ചെയ്തു.ഇതിന്റെ ഫലമായി, പവർ പ്ലാന്റുകൾക്ക് കൽക്കരികളില്ലാത്ത അവസ്ഥയിൽ ഊർജമേഖലക്ക് ഇത് വൻതിരിച്ചടിയായി. വിവിഐപികൾക്ക് ഹെലികോപ്റ്റർ വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതിയിൽ അന്വേഷണം വേണമെന്ന ആവശ്യം ഇപ്പോൾ ഉയർന്നിട്ടു്. കൈക്കൂലി വാങ്ങിയത് ആരാണെന്നതാണ് എല്ലാവർക്കും അറിയേണ്ട പ്രധാനപ്പെട്ട കാര്യം. പ്രതിസ്ഥാനത്ത് വരുന്നയാളെ വിചാരണ ചെയ്യണം. എന്നാൽ ഇതിന്റെ അന്വേഷണം ഗവണ്മെന്റ് കേവലം ഒരു പാർലമെന്റ് കമ്മറ്റിക്ക് വിടുന്നതിലൂടെ അതിന്റെ പ്രാധാന്യം ഇല്ലാതാക്കുകയാണ് ചെയ്തത്. എം പിമാർക്ക് അന്വേഷണത്തിനോ കസ്റ്റഡിയിൽ വെക്കാനോ ചോദ്യം ചെയ്യാനോ ഉള്ള അധികാരമില്ലെന്നിരിക്കെയാണ് ഗവണ്മെന്റ് ഈ നടപടി സ്വീകരിച്ചത്.അഴിമതിക്കെതിരെയുള്ള പൊതുവികാരം രൂപപ്പെട്ട ഒരു ബഹുജനപ്രക്ഷോഭത്തിന് രാജ്യം സാക്ഷിയായി. ലോക്പാൽ ബിൽ ലോക്സഭയിൽ അവതരിപ്പിച്ചെങ്കിലും ഗവണ്മെന്റ് അതിനെ രാജ്യസഭയിൽ തടസ്സപ്പെടുത്തി. തിരഞ്ഞെടുത്ത കമ്മറ്റി വഴി ബിൽ അവതരിപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമം ഗവണ്മെന്റ് തടസപെടുത്തുകയും ഞങ്ങളുടെ ചില നിർദ്ദേശങ്ങൾ സ്വീകരിച്ചെങ്കിലും ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നിരസിക്കപ്പെടുകയാണുണ്ടായത്.

1) ഉത്തരവാദിത്വമില്ലാത്ത ഒരു ഓഫീസർക്ക് ലോക്പാലിനു മുമ്പിൽ ഹിയറിംഗിനുള്ള ദ്ത്യം നൽകുകയാണെങ്കിൽ,അന്വേഷണത്തിലെ രഹസ്യസ്വഭാവവും പെട്ടന്ന് തീർപ്പുകൽപ്പിക്കുകയെന്നതും ഇല്ലാതാക്കപ്പെടും.

2)അന്വേഷണം നടത്തുന്ന ഒരു ഓഫീസറെ ലോക്പാലിന്റെ അനുമതിയില്ലാതെ ഗവണ്മെനന്റ ് എന്തുകൊണ്ട് സ്ഥലം മാറ്റണം?

3) സി ബി ഐ പോലുള്ള അന്വേഷണ ഏജൻസികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരമുണ്ടാകണം.

അവർക്ക് ഒരു നിശ്ചിത കാലയളവിലേക്ക് നിയമനം നൽകുകയും വിരമിക്കലിനു ശേഷം ഗവണ്മെന്റ് മറ്റവസരങ്ങൾ നൽകുമെന്ന വാഗ്ദാനങ്ങളുണ്ടാകരുത്. ഇന്ത്യയുടെ ഭരണസംവിധാനം ചില ഉത്തരവാദിത്വങ്ങൾ കാണിക്കുകയും അഴിമതിക്കാരെ ഉടൻ വിചാരണ ചെയ്യുകയും ചെയ്യേണ്ട ഒരു സാഹചര്യമാണിത്.

**തീവ്രവാദവും കലാപവും ദേശീയ സുരക്ഷയും**

കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. കാശ്മീരിൽ വൈകിയെങ്കിലും സമാധാനം തിരികെ വരുമെന്ന് പ്രതീക്ഷിക്കുന്നു. ജമ്മു കാശ്മീരിന് മേൽ ഇന്ത്യയുടെ അവകാശം ചോദ്യം ചെയ്യുന്ന

അതിർത്തിക്ക് പുറത്ത് നിന്നോ അകത്ത് നിന്നോ ഉയരുന്ന വാദങ്ങൾ ഇന്ത്യ ഗവൺമന്റ് ` പ്രോത്സാഹിപ്പിക്കരുത്. കാശ്മീർ ജനതയെ സംബന്ധിച്ച നമ്മുടെ നയം ദയാപൂർണ്ണവും, സഹാനുഭൂതിയുള്ളതുമായിരിക്കണം. കാശ്മീരിൽ ഏകത്വം, വികസനം എന്നിവയ്ക്ക് വേണ്ടിയായിരിക്കണം നമ്മുടെ പരിശ്രമം. ജനങ്ങൾക്ക് അനുകൂലമായും, വിഘടനവാദികൾക്ക് എതിരായും നാം നിലകൊള്ളണം. 2001 ലെ പാർലമന്റ് അക്രമണ കേസിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ പ്രതിയുടെ വധശിക്ഷ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴ്‌വരയിലെ രാഷ്ട്രീയനേതാക്കളുടെ അഭിപ്രായ പ്രകടനം രാജ്യത്ത് അസ്വസ്ഥത പടർത്തുന്നതാണ്. വിഘടനവാദികളുടെ സമ്മർദ്ദ ഫലമായി ഇന്ത്യയുടെ പരമാധികാരത്തെയും, ആത്മാഭിമാനത്തെയും ചോദ്യം ചെയ്യുന്ന വിഘടനവാദികളെ ഇന്ത്യയ്ക്ക് ശിക്ഷിക്കാൻ കഴിയില്ലെന്ന സന്ദേശം നൽകാനാകില്ല.

**മാവോയിസ്റ്റ് അക്രമണം ഇന്ത്യൻ ജനാധിപത്യത്തിന് അപമാനം**

മാവോയിസ്റ്റുകൾ അക്രമത്തിലൂടെ ഇന്ത്യൻ ജനാധിപത്യത്തെ മറിച്ചിടുമെന്നഭീഷണിയാണ് ഉയർത്തുന്നത്. ആദിവാസി മേഖലയിലെ ദാരിദ്ര്യം ചൂഷണം ചെയ്താണ് മാവോയിസ്റ്റുകൾ പ്രവർത്തിക്കുന്നത്. ദേശീയ വിഭവങ്ങളുടെ പ്രാഥമിക അവകാശം ആദിവാസി മേഖലയ്ക്ക് നൽകുന്നതിന് നാം ഒരു ദേശീയ നയം പ്രഖ്യാപിക്കണം. എന്നാൽ ഈ മേഖലയുടെ വികസനത്തിന് ആവശ്യമായ നിയമ നിർമ്മാണവും അനിവാര്യമാണ്. ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങളും സുരക്ഷാ സംവിധാനവും ഒരുമിച്ച് നടപ്പിലാക്കണം. മാവോയിസ്റ്റ് സ്വാധീന മേഖലകളെ മോചിപ്പിക്കാൻ അനുയോജ്യമായ മാർഗവുംഇതാണ്'.
മാവോയിസ്റ്റുകൾ അക്രമത്തിലൂടെ ഇന്ത്യൻ ജനാധിപത്യത്തെ മറിച്ചിടുമെന്ന ഭീഷണിയാണ് ഉയർത്തുന്നത്. ആദിവാസി മേഖലയിലെ ദാരിദ്ര്യം ചൂഷണം ചെയ്താണ് മാവോയിസ്റ്റുകൾ പ്രവർത്തിക്കുത്. ദേശീയ വിഭവങ്ങളുടെ പ്രാഥമിക അവകാശം ആദിവാസി മേഖലയ്ക്ക് നൽകുന്നതിന് നാം ഒരു ദേശീയ നയം പ്രഖ്യാപിക്കണം. എന്നാൽ ഈ മേഖലയുടെ വികസനത്തിന് ആവശ്യമായ നിയമ നിർമ്മാണവും അനിവാര്യമാണ്. ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങളും സുരക്ഷാ സംവിധാനവും ഒരുമിച്ച് നടപ്പിലാക്കണം. മാവോയിസ്റ്റ് സ്വാധീന മേഖലകളെ മോചിപ്പിക്കാൻ അനുയോജ്യമായ മാർഗവുംഇതാണ്.

**ഹൈദരാബാദ് സ്ഫോടനം**

ഹൈദരാബാദി സമീപകാലത്ത് നടന്ന സ്ഫോടനങ്ങളി നിരവധി നിഷ്കളങ്കരായ ആളുകൾ മരിക്കുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു. തീവ്രവാദം ഇല്ലാതാക്കുന്നതിന് ഇന്റലിജൻസ് സംവിധാനം ശക്തമാക്കുകയും തീവ്രവാദി കേന്ദ്രങ്ങൾ നശിപ്പിക്കുകയും ചെയ്യണം. ഇന്റലിജൻസ്, സുരക്ഷാ സേനകൾ എന്നിവയ്ക്ക് നൂറ് ശതമാനം പ്രവർത്തന വിജയം ഉറപ്പാക്കണം. ഹൈദരാബാദിൽ സ്ഫോടനം നടക്കുമെന്ന് രഹസ്യ സന്ദേശം നമ്മുടെ ഇന്റലിജൻസ് സേന അവഗണിക്കുകയായിരുന്നോ? ഹൈദരാബാദിനെ പൂണ്ണമായും പൂർവസ്ഥിതിയിലേക്ക് തിരികെ കൊണ്ടു വരാൻ നാം ശ്രമിക്കണോ? ഇന്ത്യയ്ക്ക് അതിന്റെ സുരക്ഷ സംവിധാനം കുറയ്ക്കാനാകില്ലെന്ന ശക്തമായ മുറിയിപ്പാണ് ഹൈദ്രാബാദ് സ്ഫോടനം. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സംയുക്ത പങ്കാളിത്തത്തിൽ തീവ്രവാദത്തിനെതിരെ പോരാടണം. തീവ്രവാദവും ഫെഡറലിസവും തമ്മിലുള്ള സാങ്കപ്പിക ചർച്ചകൾ ഒഴിവാക്കേണ്ടതുണ്ട്. ഇവയ്ക്ക് രണ്ടിനും ഒന്നിച്ചു നിക്കാൻ കഴിഞ്ഞേക്കും. ഈ ചുറ്റുപാടിൽനിന്ന് മാത്രമെ എൻസിടിസി-ക്ക് പ്രവർത്തിക്കാൻ കഴിയൂ.

**ഇന്ത്യയും അയൽരാജ്യങ്ങളും**

ഇന്ത്യ ഒരിക്കലും അതിന്റെ അയൽരാജ്യങ്ങളുടെ കാര്യങ്ങളിൽ ഇടപെടാൻ താൽപര്യം കാണിച്ചിട്ടില്ല. നമുക്ക് അയൽക്കാരുമായി സൗഹാർദ്ദപരമായ ഒരു ബന്ധമാണ് ആവശ്യം, അതേസമയം അവരുമായി സ്ഥിരമായി ബന്ധം തുടരുന്നന്നതിൽലും നമുക്ക് താൽപര്യമുണ്ട്.

പാക്കിസ്ഥാൻ ഒരു അസംതൃപ്തമായ രാജ്യമാണ്. രാജ്യത്തെ ആരു നിയന്ത്രിക്കണമെന്ന കാര്യത്തിൽ നിരീക്ഷകർ ഒരു ധാരണയിലെത്തുന്നതിൽ പരാജയപ്പെട്ട അവസ്ഥയിലാണ് ഇന്ന് പാക്കിസ്ഥാൻ. പ്രധാനമന്ത്രി പാക്കിസ്ഥാനുമായി ചർച്ച നടത്താൻ കഴിയുമെന്ന പ്രത്യാശ പ്രകടിപ്പിച്ചുകഴിഞ്ഞു. പാക്കിസ്ഥനിൽ നിന്നുള്ള സമീപകാലത്തെ ചില പ്രകോപനങ്ങളേത്തുടർന്നാണ് ചർച്ചക്കായി അദ്ദേഹം മുന്നോട്ടുവന്നതെന്നാണ് ഞാൻ കരുതുന്നത്. ഇന്ത്യക്കും ചൈനക്കുമിടയിൽ നേപ്പാൾ ഒരു പ്രധാനപ്പെട്ട രാജ്യമാണ്. സംസ്കാരം, മതം എന്നീ കാര്യങ്ങളിൽ ഇരുകൂട്ടർക്കും പൊതുവായ ചില ബന്ധങ്ങളുണ്ട്. ദീർഘകാലമായി അവിടെ തുടരുന്ന ഭരണപരമായ പ്രതിസന്ധി ഉത്കണ്ഠയുണർത്തുന്ന ഒരു കാര്യമാണ്.

ബംഗ്ലാദേശ് ഭരണകൂടത്തിന് ഇന്ത്യയുമായി സൗഹാർദ്ദപരമായ ബന്ധമാണ് നിലവിലുള്ളത്. ദീർഘകാലമായി തുടരുന്ന നിരവധി വിഷയങ്ങൾക്ക്, നമ്മുടെ രാജ്യത്തെ വിവിധ ജനവിഭാഗങ്ങൾക്ക് സ്വീകാര്യമായ തരത്തിലുള്ള പരിഹാരം കാണുന്നതിനനുകൂലമായ ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ശ്രീലങ്ക ഇന്ത്യയുടെ പ-യുള്ള ഒരു സുഹൃത്താണ്. ശ്രീലങ്കയിൽ സമാധാനം കൊ-ുവരുന്നതിന് നമ്മുടെ പട്ടാളക്കാർ രക്തം ചിന്തിയിട്ടുണ്ട്.ശ്രീലങ്കയിലുണ്ടായ മനുഷ്യാവകാശ ലംഘനം തമിഴ്നാടിനെയും മറ്റ് പലസ്ഥലങ്ങളെയും അസ്വസ്ഥമാക്കിയതിനെത്തുടർന്ന് ഇന്ത്യക്ക് ശ്രീലങ്കയുമായി ഒരു സ്വാഭാവിക ബന്ധമാണുള്ളത്.

മാലിദ്വീപുകൾ, മാലിദ്വീലിലെ ഇന്നത്തെ സാഹചര്യം ഉത്കണ്ഠാജനകമാണ്. ഇന്ത്യൻ സമുദ്ര പരിധിയിൽ ഒരു അസ്വസ്ഥമായ സാഹചര്യം നമുക്ക് വെച്ചുപൊറിപ്പിക്കാനാവില്ല. അവിടുത്തെ ഒരു പഴയ പ്രസിഡന്റ് ഇന്ത്യൻ ഹൈക്കമ്മീഷനിൽ അഭയം തേടിയ സാഹചര്യത്തിൽ പ്രശ്നങ്ങൾ കൂടുതൽ വഷളായേക്കാം. പ്രശ്നങ്ങൾ നേരത്തെ പരിഹരിക്കാനുള്ള ഇന്ത്യയുടെ താൽപ്പര്യം വ്യക്തമാണ്. മാലിദ്വീപിൽ സാധാരണ സ്ഥിതി തിരികെ കൊണ്ടുവരുന്നതിന് നമ്മൾശ്രമങ്ങൾ തുടരുമെന്നു തന്നെയാണ് എന്റെ പ്രതീക്ഷ.

**വനിതകൾ**

ഇന്ത്യൻ സമൂഹത്തിന്റെ 50 ശതമാനം വനിതകളാണ്. എന്നാൽ അവർ അവഗണന നേരിടുന്ന വിഭാഗമാണെ വസ്തുത നിഷേധിക്കാനാകില്ല. എന്നാൽ ജനനം മുതൽതന്നെ സ്ത്രീകളെ അടിമകളായാണ് സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾ കാണുന്നത്. സ്ത്രീകൾക്ക് നാം ഭരണഘടനാപരമായ തുല്യാവകാശം

ഉറപ്പാക്കിയിട്ടുണ്ടെങ്കിലും ഇന്ത്യൻ ജനതയുടെ മനോനില മാറേണ്ടതുണ്ട്. പൊതുസമൂഹം കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ജനതയുടെ മനോനില മാറേണ്ടതുണ്ട്. സമീപകാലത്ത് ദൽഹിയിൽ പെൺകുട്ടി പീഡനത്തിന് ഇരയായി മരിച്ച സംഭവം ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ലജ്ജാഭാരത്താൽ നമ്മുടെ തല താഴ്ത്തുന്നതാണ്. സ്ത്രീകൾക്കെതിരായ അതിക്രമം ചെറുക്കുന്നതിന് നിയമങ്ങളുടെ അപര്യാപ്തത നാം പരിഹരിക്കേണ്ടതുണ്ട്. നമ്മുടെ പോലീസ് സംവിധാനവും അന്വേഷണ സംവിധാനവും മാറ്റങ്ങൾക്ക് വിധേയമാകണം. കൂടാതെ പുരുഷന്മാരുടെ മനോനിലയും മാറണം. നമ്മുടെ ഉപചാര മര്യാദകൾ നഷ്ടപ്പെട്ടതായി സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു.സമീപകാല സംഭവങ്ങൾക്ക് നാം സ്വയം വിചാരണ നേരിടുന്ന അവസ്ഥയാണ് നിലവിലുള്ളത്. നമ്മുടെ ഉപചാര മര്യാദകൾ നഷ്ടപ്പെടുന്നത് അംഗീകരിക്കാനാകില്ല. യു പി എപുറത്തേക്കുള്ള പാതയിലാണ്. സമ്പദ്ഘടനയെ തകർച്ചയിലാക്കിയാണ് യു പി എ ഒഴിയുന്നത്.നമ്മുടെ ഭരണ സംവിധാനത്തെ അവർ അപകീർത്തിപ്പെടുത്തി. അശുഭകരമായ ഈ അന്തരീക്ഷത്തിൽ ഇന്ത്യയെ കുടുംബ വാഴ്ചയിലേക്ക് തള്ളി വിടാമെന്നയു പി എയുടെ മോഹം വിജയിക്കില്ല. വ്യക്ത്യാധിഷ്ഠിതമായ അത്തരം നാടുവാഴി സമ്പ്രദായം അവസാനിച്ചാൽ മാത്രമേ ജനാധിപത്യത്തിന്റെ യഥാർത്ഥ മൂല്യം മനസിലാകൂ. കുടുംബാധിപത്യത്തിലേക്ക് രാജ്യത്തെ നയിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരായി കഴിവ് തെളിയിച്ച രാഷ്ട്രീയ ചേരിയുടെ പോരാട്ടത്തിനാണ് രാജ്യം ഇനി സാക്ഷ്യം വഹിക്കേണ്ടത്. ശുഭപ്രതീക്ഷയില്ലാത്ത നിലവിലെ സാഹചര്യത്തിൽ നിന്ന് പ്രതീക്ഷാ നിർഭരമായ അന്തരീക്ഷതിലേക്ക് രാജ്യത്തെ നയിക്കാൻ ഇതിനകം കഴിവ് തെളിയിച്ച രാഷ്ട്രീയ മുന്നണിക്കേ കഴിയൂ.

പ്രവർത്തിക്കാത്ത അഴിമതി നിറഞ്ഞ ഗവൺമെന്റിന് രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനാകില്ല. ഇത്തരം സാഹചര്യത്തെക്കുറിച്ച് പഴയ റോമൻ സെനറ്ററായ റ്റാക്റ്റീഷ്യസ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്

**‘അവർ രാജ്യത്തെ കൊള്ളയടിച്ചിരിക്കുന്നു, മറ്റുള്ളവരുടെ പട്ടിണിയിൽ ഭൂമിയിലെ വസ്തുവകകളെല്ലാം അപഹരിച്ചു... അവർ അത്യാർത്തിയിൽ നയിക്കപ്പെടുന്നു, അവരുടെ ശത്രുക്കൾ സമ്പന്നരാണെങ്കിൽ; അഭിലാഷത്താൽ, പാവങ്ങളാണെങ്കിൽ.... അവർ പാഴാക്കുന്നു, അവർ കശാപ്പുചെയ്യുന്നു, അവർ തെറ്റായ അഭിനയത്തിലൂടെ പിടിച്ചെടുക്കുന്നു, ഇതെല്ലാം സാമ്രാജ്യം പടുത്തുയർത്താനാണെന്ന് അവർ ഘോഷിക്കുന്നു. അവരുടെ ഉയർച്ചയിൽ ആകെ അവശേഷിക്കുന്ന മരുഭൂമിയെ അവർ സമാധാനം എന്നു വിളിക്കുന്നു’**